LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. - ആസ്തി

12 (397) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ഇ.ബി.-യുടെ ശരാശരി പ്രതിമാസ വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.കബി.-ക്ക് 31-3-2011-ലെ കണക്കു പ്രകാരമുള്ള കടബാധ്യത എത്ര; ആയത് 2015-16-ൽ എത്ര; പ്രസ്തുത കടബാധ്യത വർദ്ധിക്കാനുണ്ടായ കാരണം എന്താണെന്നും ആയത് തടയുവാൻ എന്തു നടപടി വകുപ്പ് നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കടബാധ്യത വർദ്ധിച്ചത് തടയുവാൻ വൈദ്യുതി റഗുലേറ്ററി കമ്മിഷൻഎന്തു നടപടികൾ സ്വീകരിച്ചുവെന്നും കമ്മിഷൻതുടങ്ങിയതിനു ശേഷം കമ്മീഷന്റെ പ്രവർത്തനത്തിന് നാളിതുവരെ ഓരോ വർഷവും ചിലവായ തുക (ശമ്പളം/മറ്റിനം) എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം വൈദ്യുതിചാർജ്ജ് ഓരോ വിഭാഗത്തിനും വർദ്ധിപ്പിച്ചുവെന്നും ആയതിന്റെ ഫലമായി ബോർഡിന് ലഭിച്ച അധികവരുമാനം എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) 30-3-2011-ലെ കണക്കു പ്രകാരമുള്ള കെ.എസ്.ഇ.ബി.-യുടെ ആസ്തി എത്രയെന്നും 2015-16-ലെ താല്ക്കാലിക കണക്കുപ്രകാരമുള്ള ആസ്തി എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ)കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2015-16 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തെ താത്ക്കാലിക കണക്കെടുപ്പ് പ്രകാരം

പ്രതിമാസ ശരാശരി വരവ് - ₹ 867.74 കോടി

പ്രതിമാസ ശരാശരി ചെലവ് - ₹ 974.43 കോടി

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന് 31-3-2011-ലെ കണക്കുപ്രകാരമുള്ള കടബാദ്ധ്യത ₹ 1,384.14 കോടിയാണ്. കെ.എസ്.ഇ.ബി.-ക്ക് 31-1-2016 പ്രകാരമുള്ള കടബാധ്യത ₹ 5,626.93 കോടി രൂപയുമാണ്. പദ്ധതി പ്രദേശത്ത് ആവശ്യത്തിന് മഴ ലഭിക്കാത്തതും മറ്റുസംസ്ഥാനങ്ങളിൽ നിന്നുകൂടി വൈദ്യുതി വിലയ്ക്കുവാങ്ങുന്നതുമാണ് കടബാദ്ധ്യത വർദ്ധിക്കുന്നതിനുണ്ടായ കാരണം.

(സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കമ്പ്യൂട്ടറൈസേഷൻ പോലുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ചെലവുകൾ നിയന്ത്രിക്കുന്നതിനും കടബാദ്ധ്യത പരമാവധി കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കമ്മിഷൻപുറപ്പെടുവിച്ച ഉത്തരവിനുപുറമേ 2012-13, 2013-14, 2014-15 വർഷങ്ങളിൽ വൈദ്യുതി നിരക്ക് വർദ്ധന നടപ്പാക്കുകയും ചെയ്തുകവഴി വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യതകൾ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനത്തിന് ഓരോ വർഷവും ചെലവായ തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വൈദ്യുതി ചാർജ്ജ് മുന്നുപ്രാവശ്യം വർദ്ധനവ് വരുത്തിയിട്ടുണ്ട്. 01-7-2012 മുതൽ നടപ്പിലായ താരിഫ് പരിഷ്കരണത്തിലൂടെ 2012-13 സാമ്പത്തിക വർഷത്തിൽ 1257 കോടി രൂപയുടെയും 1-5-2013 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 2013-14 സാമ്പത്തിക വർഷത്തിൽ 589 കോടി രൂപയുടെയും 16-8-2014 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 2014-15 സാമ്പത്തിക വർഷത്തിൽ 667.66 കോടി രൂപയുടെയും അധിക വരുമാനം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഇ) 31-3-2011-ലെ കണക്കുപ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആസ്തി 11,074.76 കോടി രൂപയാണ്. കെ.എസ്.ഇ.ബി ലിമിറ്റഡ് സാമ്പത്തിക വാർഷികാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. 2015-16-ലെ കണക്കുകൾ പൂർത്തിയായിട്ടില്ല. 2014-15-ലെ താത്കാലിക കണക്കുപ്രകാരം ആസ്തി ₹30,693.14 കോടി (ഇതിൽ ബോർഡിന്റെ ആസ്തി പുനർമൂല്യ നിർണ്ണയത്തിലൂടെ ₹ 11,988.98 കോടി ഉൾപ്പെട്ടിട്ടുണ്ട്).

കെ.എസ്.ഇ.ബി-യിലെ പെൻഷൻ

13 (398) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കമ്പനിയാക്കിയതിനുശേഷമുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ ഇപ്പോഴത്തെ പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കമ്പനിയുടെ പെൻഷൻ ഫണ്ടിൽ നിന്നാണോ പെൻഷൻ നല്കുന്നതെന്നു വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly